"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കടന്നൽ ആക്രമണത്തിൽ മരണപ്പെട്ട എസ്ഥേറിന്റെ ഭർത്താവ് ശ്രീ. ബാലകൃഷ്ണന് അനുവദിച്ച നഷ്ടപരിഹാരം, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ, മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.16/2025/F&WLD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.50/2022/വനം, തീയതി 25.10.2022.
2. സ.ഉ.(കൈ) നം.03/2024/വനം, തീയതി 20.01.2024.
3. സ.ഉ.(കൈ) നം.37/2024/വനം, തീയതി 06.09.2024
4. അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 02.04.2025-ലെ KFDHQ/5419/2024-CWW/WL11 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.ബാലകൃഷ്ണന്റെ ഭാര്യ, എസ്ഥേർ, കടന്നൽ കുത്തേറ്റ് 02.01.2018-ൽ മരണപ്പെട്ടിരുന്നു. ആയതിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേലുള്ള സമിതിയുടെ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തേനീച്ച/കടന്നൽ എന്നിവയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് പരാമർശം-1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നഷ്ടപരിഹാരമായി നൽകേണ്ട തുകയെ സംബന്ധിച്ച് സ്പഷ്ടീകരണം നൽകികൊണ്ട് പരാമർശം-2 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ശ്രീ. ബാലകൃഷ്ണന്റെ അപേക്ഷയ്ക്ക് മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാമർശം 1,2 എന്നീ ഉത്തരവുകൾ പ്രകാരമുള്ള അർഹമായ നഷ്ടപരിഹാരം ടിയാൾക്ക് അനുവദിച്ചുകൊണ്ട് പരാമർശം-3 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2) അപേക്ഷകന്റെ ഭാര്യ കടന്നൽ ആക്രമണത്തിൽ മരണപ്പെട്ടതിനെ തുടർന്ന്, മൃതദേഹം പോസ്റ്റ്മോർട്ടം, എഫ്ഐആർ രെജിസ്ട്രേഷൻ എന്നിവ ചെയ്തിട്ടില്ലായെന്നും ആയതിനാൽ അപേക്ഷകന് അനുവദിച്ച നഷ്ടപരിഹാരം എഫ്ഐആർ-ന്റെ പകർപ്പ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ

അഭാവത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം അനുവദിച്ച് നൽകാവുന്നതാണോ എന്നതിന്മേൽ വ്യക്തത നൽകണമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടന്നൽ ആക്രമണത്തിൽ മരണപ്പെട്ട എസ്റ്റേറിന്റെ ഭർത്താവ് ശ്രീ. ബാലകൃഷ്ണന്, പരാമർശം 3 ഉത്തരവ് പ്രകാരം അനുവദിച്ച നഷ്ടപരിഹാരം എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ, പ്രത്യേക കേസായി പരിഗണിച്ച്, ഇതൊരു കീഴ്നടപ്പ് ആയി കണക്കാക്കുവാൻ പാടില്ലായെന്ന നിഷ്ക്കർഷയോടെ, നിലവിലെ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നിബന്ധനകളിൽ ഇളവനുവദിച്ച്, നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) ശ്രീ. ബാലകൃഷ്ണന് അടിയന്തരമായി നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള തുടർ നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ബാലകൃഷ്ണൻ, ചെമ്പനാൽ വീട്, 92-ആദിവാസി കോളനി, സൂര്യനെല്ലി, ചിന്നക്കനാൽ വില്ലേജ്, ഇടുക്കി - 685618.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 2963)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
Date: 24-05-2025 12:49:51
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-05-2025**

ഫയൽ നം. വനം-ഡി2/64/2019/വനം. ഇനം നം: 2963

വിഷയം : വനം-വന്യജീവി വകുപ്പ് - കടന്നൽ ആക്രമണത്തിൽ മരണപ്പെട്ട എസ്തേറിന്റെ ആശ്രിതർക്ക് എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2963

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | വനം-ഡി2/64/2019-വനം |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ്, |
| 3. | വിഷയം | കടന്നൽ ആക്രമണത്തിൽ മരണപ്പെട്ട എസ്ഥേറിന്റെ ആശ്രിതർക്ക് എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നത് -സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18/04/2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ് വി.ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/04/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/05/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 15.05.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ, കടന്നൽ ആക്രമണത്തിൽ ഭാര്യ, എസ്തേർ മരണമടഞ്ഞതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി, ശ്രീ. ബാലകൃഷ്ണൻ (ചെമ്പനാൽ വീട്, 92- ആദിവാസി കോളനി, സൂര്യനെല്ലി, ചിന്നക്കനാൽ വില്ലേജ്, ഇടുക്കി) സമർപ്പിച്ച ഹർജിയിലെ ആവശ്യം പരിഗണിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) ശ്രീ.ബാലകൃഷ്ണന്റെ ഭാര്യ, എസ്തേർ, കടന്നൽ കുത്തേറ്റ് 02.01.2018-ൽ മരണപ്പെട്ടിരുന്നു. ആയതിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിന്മേലുള്ള സമിതിയുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തേനീച്ച/കടന്നൽ എന്നിവയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് 25.10.2022-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 50/2022/വനം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നഷ്ടപരിഹാരമായി നൽകേണ്ട തുകയെ സംബന്ധിച്ച് സ്പഷ്ടീകരണം നൽകികൊണ്ട് 20.01.2024-ലെ സ.ഉ.(കൈ) നം.03/2024/വനം നമ്പർ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ശ്രീ. ബാലകൃഷ്ണന്റെ അപേക്ഷയ്ക്ക് മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള അർഹമായ നഷ്ടപരിഹാരം ടിയാൾക്ക് അനുവദിച്ചുകൊണ്ട് 06.09.2024-ൽ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 37/2024/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

3) അപേക്ഷകന്റെ ഭാര്യ കടന്നൽ ആക്രമണത്തിൽ മരണപ്പെട്ടതിനെ തുടർന്ന്, മൃതദേഹം പോസ്റ്റ്മോർട്ടം, എഫ്ഐആർ രെജിസ്ട്രേഷൻ എന്നിവ ചെയ്തിട്ടില്ലായെന്നും ആയതിനാൽ അപേക്ഷകന് അനുവദിച്ച നഷ്ടപരിഹാരം എഫ്ഐആർ-ന്റെ പകർപ്പ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം

അനുവദിച്ച് നൽകാവുന്നതാണോ എന്നതിന്മേൽ വ്യക്തത നൽകണമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആവശ്യപ്പെട്ടിരുന്നു.

4) മേൽ സാഹചര്യത്തിൽ, കടന്നൽ ആക്രമണത്തിൽ ഭാര്യ മരണമടഞ്ഞതിന് ശ്രീ. ബാലകൃഷ്ണന്റെ അപേക്ഷയിന്മേൽ അനുവദിച്ച നഷ്ടപരിഹാരം ടിയാൾക്ക് ലഭ്യമാക്കുന്നതിനായി, മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ, ഇതൊരു സ്പെഷ്യൽ കേസായി കണക്കാക്കിയും, നിലവിലെ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നിബന്ധനകളിൽ ഇളവനുവദിച്ചും, ഇതൊരു കീഴ്നടപ്പ് ആയി കണക്കാക്കുവാൻ പാടില്ലായെന്ന നിഷ്കർഷയോടെയും അനുവദിച്ച് നൽകാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം, മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

കടന്നൽ ആക്രമണത്തിൽ മരണപ്പെട്ട എസ്തേറിന്റെ ഭർത്താവ് ശ്രീ. ബാലകൃഷ്ണന്, 06.09.2024-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 37/2024/വനം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച നഷ്ടപരിഹാരം എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ, പ്രത്യേക കേസായി പരിഗണിച്ച്, ഇതൊരു കീഴ്നടപ്പ് ആയി കണക്കാക്കുവാൻ പാടില്ലായെന്ന നിഷ്കർഷയോടെ, നിലവിലെ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നിബന്ധനകളിൽ ഇളവനുവദിച്ച്, നൽകാവുന്നതാണോ ?

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കടന്നൽ ആക്രമണത്തിൽ ഭാര്യ മരണമടഞ്ഞതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള ശ്രീ.ബാലകൃഷ്ണന്റെ അപേക്ഷ, മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അർഹമായ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(കൈ) നം.37/2024/F&WLD തീയതി,തിരുവനന്തപുരം, 06-09-2024

പരാമർശം:-
1. സ.ഉ.(കൈ) നം.50/2022/വനം, തീയതി 25.10.2022.
2. സ.ഉ.(കൈ) നം.03/2024/വനം, തീയതി 20.01.2024.
3. സംസ്ഥാന നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ ശ്രീ. ബാലകൃഷ്ണൻ സമർപ്പിച്ച 09.08.2023, 04.10.2023 തീയതികളിലെ നിവേദനങ്ങൾ
4. നിയമസഭാ സെക്രട്ടേറിയേറ്റിൽ നിന്നുള്ള 03.01.2024-ലെ 21379/ഹർജി സി1/2018/നി.സെ നമ്പർ കത്ത്

ഉത്തരവ്

നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ, ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജിൽ 92-ആദിവാസി കോളനി നിവാസിയായ ശ്രീ.ബാലകൃഷ്ണൻ, തന്റെ ഭാര്യ കടന്നൽ കുത്തേറ്റ് 02.01.2018-ൽ മരണപ്പെട്ടതിന് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേലുള്ള സമിതിയുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും തേനീച്ച/കടന്നൽ എന്നിവയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് പരാമർശം-1 ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിൽ സ്പഷ്ടീകരണം നൽകികൊണ്ട് പരാമർശം-2 പ്രകാരമുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ മേൽ ഉത്തരവുകൾക്ക് മുൻകാല പ്രാബല്യം നല്കിയിട്ടില്ലാത്തതിനാൽ, ശ്രീ.ബാലകൃഷ്ണന് നഷ്ടപരിഹാരം നൽകാൻ നിർവ്വാഹമില്ലായിരുന്നു. ഇക്കാരണത്താൽ പ്രസ്തുത ഉത്തരവുകൾക്ക്, മുൻകാലപ്രാബല്യം നൽകി നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ.ബാലകൃഷ്ണൻ പരാമർശം-3 പ്രകാരം ഹർജികൾ സംബന്ധിച്ച സമിതി മുൻപാകെ നിവേദനങ്ങൾ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണന നൽകി, പരാമർശം-1 ഉത്തരവിന്റെ ആനുകൂല്യം ഹർജിക്കാരനും കൂടി നൽകാനാകുമോ എന്ന കാര്യം പരിശോധിക്കണമെന്ന് ഹർജികൾ സംബന്ധിച്ച സമിതി സർക്കാരിനോട് പരാമർശം-4 പ്രകാരം ആവശ്യപ്പെടുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 02.01.2018-നുണ്ടായ കടന്നൽ ആക്രമണത്തിൽ ഭാര്യ മരണമടഞ്ഞതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള ശ്രീ. ബാലകൃഷ്ണന്റെ അപേക്ഷ, മാനുഷിക പരിഗണന നൽകി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാമർശം 1,2 എന്നീ ഉത്തരവുകൾ പ്രകാരമുള്ള അർഹമായ നഷ്ടപരിഹാരം ടിയാൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

4. ശ്രീ. ബാലകൃഷ്ണന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള തുടർ നടപടികൾ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ബാലകൃഷ്ണൻ, ചെമ്പനാൽ വീട്, 92-ആദിവാസി കോളനി, സൂര്യനെല്ലി, ചിന്നക്കനാൽ വില്ലേജ്, ഇടുക്കി - 685618.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 2378)

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 06-09-2024 17:11:43

പകർപ്പ്

ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്

അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്